12494
26/11/14

# കേരള സർക്കാർ

സംഗ്രഹം

ജലവിഭവ വകുപ്പ് 13-ാം ധനകാര്യ കമ്മിഷൻ - 'വാട്ടർ ബോഡീസ്' - പുലാമന്തോൾ പഞ്ചായത്തിലെ 9-ാം വാർഡിൽ 'പാലൂർ കുളത്തിന്റെ പുരോഗമനം' എന്ന പ്രവൃത്തിക്ക് പകരം 'കട്ടുപ്പാറ പൂക്കോട്ടു കുളത്തിന്റെ നവീകരണം' എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ പ്രവൃത്തി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജലവിഭവ (എം.ഐ) വകുപ്പ്

സ.ഉ (സാധ) നം. 1113/14/ജവിവ തീയതി, തിരുവനന്തപുരം, 24/11/2014

---

പരാമർശം : 1) 25.09.2014-ാം തീയതിയിലെ സ.ഉ(സാധാ)നം.923/14/ജവിവ
2) 27.09.2014-ാം തീയതിയിൽ കൂടിയ എസ്.എൽ.ഇ.സി യോഗത്തിന്റെ മിനിട്ട്സ്

## ഉത്തരവ്

പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിനു കീഴിൽ 'വാട്ടർ ബോഡീസ്' എന്ന പദ്ധതിയിൽ ശുപാർശ ചെയ്തിട്ടുള്ള ഗ്രാന്റ് വിനിയോഗിക്കുന്നതിന് അംഗീകരിച്ചിട്ടുള്ള ആക്ഷൻ പ്ലാനിൽ, പുലാമന്തോൾ പാലൂർ കുളത്തിന്റെ പുരോഗമനത്തിനായി വകയിരുത്തിയിരുന്ന തുക പ്രസ്തുത പഞ്ചായത്തിലെ 'കട്ടുപ്പാറ പൂക്കോട്ടു കുളത്തിന്റെ നവീകരണം' എന്ന പ്രവൃത്തിക്ക് ചെലവഴിക്കുന്നതിനായി, ഇക്കാര്യം അടുത്ത എസ്.എൽ.ഇ.സി യോഗത്തിൽ സാധൂകരണത്തിന് സമർപ്പിക്കണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. 27/09/2014-ൽ ചേർന്ന എസ്.എൽ.ഇ.സി യോഗം ഇക്കാര്യം സാധൂകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.ഗോപൻ**
**ഡപ്യൂട്ടി സെക്രട്ടറി**

ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ.ഇ / ആഡിറ്റ്) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പിന് (24.10.2014-ാം തീയതിയിലുള്ള സി.എസ്.എഫ്.സി-ബി1/32/ധന പ്രകാരം)
വിവര പൊതുസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പിന്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.